DESPATCHED
On 12/04/22

8/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 53(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 1270/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 8**

ശ്രീ. വി.ഇ.ജോർജ്ജ്,
പ്രസിഡന്റ്.
നീതി സംരക്ഷണ സമിതി, സൗദി,
കൊച്ചി – 682 507.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
രാമേശ്വരം വില്ലേജ് ഓഫീസ്,
പള്ളുരുത്തി, കൊച്ചി – 06.

2) അപ്പീൽ അധികാരി & തഹസിൽദാർ (ഭൂരേഖ),
താലൂക്ക് ഓഫീസ്,
കൊച്ചി.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 20/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 16/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 17/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 07/04/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. വി.ഇ.ജോർജ്ജ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നും രണ്ടും എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമത്തിലെ 20-ാം വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കണമെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട രേഖാപകർപ്പുകൾ

ലഭ്യമാക്കണമെന്നും സമിതിക്ക് ബോധപൂർവ്വം വരുത്തിയ കഷ്ടനഷ്ടങ്ങൾക്കു പരിഹാരമായി 20,000/- രൂപ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 20.10.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി 17.8.2021 തീയതിയായി 8888/പി.എൽ.2/2021 എന്ന നമ്പരിൽ നൽകിയ കത്ത് പ്രകാരം സർവ്വെ 477/2 എന്ന നിലയിലും സർവ്വെ 477/8 എന്ന നിലയിലും, സർക്കാർ ഭൂമിയും, പുറമ്പോക്കു ഭൂമിയും ഉൾപ്പെടുത്തി ചമച്ചു രജിസ്റ്റർ ചെയ്ത ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിനും ടി ആധാരങ്ങൾ പ്രകാരം നടത്തിയിട്ടുള്ള പോക്കുവരവ് റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും

(എ) ഉണ്ടെങ്കിൽ പ്രസ്തുത രേഖകളുടെ ശരിപ്പകർപ്പുകൾ നൽകണമെന്നും

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകളുടെ മുഴുവൻ ശരിപകർപ്പുകളും നൽകണമെന്നും

ii. സർക്കാർ ഭൂമിയും, പുറമ്പോക്കു ഭൂമിയും ഉൾപ്പെടുത്തി സർവ്വെ 477/8 എന്ന നിലയിൽ ചമച്ച് ശ്രീ.പ്രീതം പേർക്ക് 2.3.2021 തീയതിയിൽ രജിസ്റ്റർ ചെയ്ത 732/1/21 നമ്പർ ആധാരത്തിന് സർവ്വെ നമ്പർ 477/8/6 എന്നു ചാർത്തി നൽകിക്കൊണ്ട് പോക്കുവരവു നടത്തിക്കൊടുത്തിട്ടുണ്ടോ എന്നും

(എ) ഉണ്ടെങ്കിൽ ആയതിനായി സമർപ്പിക്കപ്പെട്ട രേഖകളുടെ മുഴുവൻ ശരിപ്പകർപ്പുകൾ നൽകണമെന്നും

(ബി) ആയതിന്റെ തണ്ടപ്പേർ കണക്കിന്റെ ശരിപ്പകർപ്പ്

(സി) ശ്രീ. പ്രീതം പേർക്ക് ആർ.ഒ.ആർ നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ ശരിപ്പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 26.10.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ച് ഹർജിക്കാരൻ 16.11.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 21.12.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ കൊച്ചി വികസന അതോറിറ്റിയുടെ 8888/പി.എൽ-2/2012 എന്ന നമ്പർ കത്ത് പ്രകാരം സർവ്വെ 477/2, 8-ലും ചമച്ചു രജിസ്റ്റർ ചെയ്ത ആധാരങ്ങൾ പോക്കുവരവ് റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകളും ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുന്ന പകർപ്പുകളുമാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് എസ്.പി.ഐ.ഒ. നൽകിയ

മറുപടിയിൽ നിയമാനുസൃത തുക ഒടുക്കി കൈപ്പറ്റാവുന്നതാണെന്നും, ഉണ്ട്, നാളത് ഇല്ലായെന്നുമാണ് അപേക്ഷകനെ അറിയിച്ചിരിക്കുന്നതെന്നും ടി മറുപടിയ്ക്കെതിരെയാണ് അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളതെന്നും ടിയാന്റെ അപ്പീൽ ഹർജിയിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമല്ലാത്തതും, തെറ്റായതും നിയമത്തെ മാനിക്കാത്തതും, വ്യക്തതയില്ലാതെ നിരുത്തവാദപരമായാണ് മറുപടി നൽകിയെന്നും ആവശ്യപ്പെട്ട രേഖാപകർപ്പുകൾ എല്ലാം നൽകണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നതെന്നും എസ്.പി.ഐ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിൽ 20.10.2021–ന് സിദ്ധിച്ച വിവരാവകാശ അപേക്ഷയിൽ 26.10.2021–ന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി നൽകിയിട്ടുണ്ടെന്നും ബോധപൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ലെന്നുമാണ് അറിയിച്ചതെന്നും അപ്പീൽ അപേക്ഷ, എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിച്ചതിൽ എസ്.പി.ഐ.ഒ. അപേക്ഷകന് നൽകിയ മറുപടിയിൽ പകർപ്പുകൾ എത്ര പേജുണ്ടെന്നോ, എത്ര രൂപ ഫീസ് ഒടുക്കണമെന്നോ നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും ആയതിനാൽ അപേക്ഷകന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വില്ലേജ് ഓഫീസിൽ ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പുകൾ സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയും, മേലിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ കർശനമായ നിർദ്ദേശം നൽകിയും അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. വി.ഇ. ജോർജ്ജ് 20.10.2021–ന് സമർപ്പിച്ച അപേക്ഷ 21.10.2021–ന് കൈപ്പറ്റിയിട്ടുള്ളതും ആയതിന് അപേക്ഷകന് 26.10.2021–ന് മറുപടി നൽകിയിട്ടുള്ളതുമാണെന്നും ടി മറുപടി തൃപ്തികരമല്ലായെന്നു കാണിച്ച് 16.11.2021–ന് ഒന്നാം അപ്പീൽ തഹസിൽദാർ(ഭൂരേഖ) മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ തീർപ്പു കൽപ്പിക്കുന്നതിന് 23.11.2021–ന് അപേക്ഷകന് കത്ത് നൽകി 9.12.2021–ന് തഹസിൽദാർ മുമ്പാകെ വിചാരണയ്ക്ക് വിളിപ്പിച്ചിരുന്നതും എന്നാൽ അന്നേ ദിവസം അപ്പീൽ ഹർജിക്കാരൻ ഹാജരായിട്ടില്ലാത്തതുമാണെന്നും എസ്.പി.ഐ.ഒ., ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച 8.12.2021–ലെ റിപ്പോർട്ടിന്റെയും രേഖകളുടെയും അപേക്ഷകന്റെ പരാതിയുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ച് 21.12.2021 തീയതി അപ്പീൽ തീർപ്പു കൽപ്പിച്ചിട്ടുള്ളതാണെന്നും ആയതുപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ വില്ലേജിൽ ലഭ്യമാണെങ്കിൽ ആയതിന്റെ പകർപ്പുകൾ അപേക്ഷകന് സൗജന്യമായി നൽകുവാൻ എസ്.പി.ഐ.ഒ.ക്ക് നിർദ്ദേശം നൽകുകയുണ്ടായി എന്നും ടി വിവരം ഒന്നാം അപ്പീൽ അധികാരി അപേക്ഷകനെ നേരിട്ട് കത്ത് മുഖേന അറിയിച്ചെങ്കിലും ടിയാൻ നാളിതുവരെ വില്ലേജിൽ ഹാജരായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 1(എ), 2(എ), (ബി) എന്നീ ഇനങ്ങൾക്ക് വിവരം നൽകുന്നതിന് നിയമാനുസൃത തുക അടവാക്കി കൈപ്പറ്റാവുന്നതാണ് എന്ന വളരെ ലാഘവത്തോടെയുള്ള ഒരു മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിരുന്നത് എന്ന് കാണുന്നു. മാത്രമല്ല ടി രേഖകൾ എത്ര പേജ് വരുമെന്നോ, എത്ര രൂപ പകർപ്പ് ഫീസ്, ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കണമെന്നോ, അപ്പീൽ അധികാരിയുടെ പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്താതെയുമുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ടി വീഴ്ച വിവരാവകാശ നിയമം 7(1) വകുപ്പ് പ്രകാരം കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയും നിലവിലെ ഡെപ്യൂട്ടി തഹസിൽദാരുമായ ശ്രീ. ജ്യോതികൃഷ്ണന് കമ്മീഷൻ സെക്രട്ടറി, എറണാകുളം ജില്ലാ കളക്ടർ മുഖേന കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്.

6. ഒന്നാം അപ്പീൽ തീർപ്പാക്കി 21.12.2021-ന് പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശ പ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി നൽകുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും നിലവിലെ ഒന്നാം എതിർകക്ഷി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 20.4.2022-നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

7. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെങ്കിൽ രേഖകൾ സൗജന്യമായി ലഭിക്കുവാനുള്ള അർഹത ഹർജിക്കാരനുണ്ട്. ഇക്കാര്യത്തിൽ പകർപ്പ് ഫീ സംബന്ധിച്ച വ്യക്തമായ വിവരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടില്ലാത്തതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ 20.4.2022-നകം ഒന്നാം എതിർകക്ഷി ടിയാന് സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി